LIBRARY ARCHIVES Kerala Legislative Assembly

നഴ്സിംഗ് സൂപ്രണ്ടുമാരുടെ തസ്തികകളിൽ നിയമനം നടത്താൻ നടപടി

108 [928] ശ്രീ. തോമസ് ഉണ്ണിയാടൻ:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. സ്റ്റീഫൻ ജോർജ്:
„ ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ താലൂക്ക്/ജില്ലാ/മെഡിക്കൽ കോളേജ് ആശുപത്രികളിൽ നഴ്സിംഗ് സൂപ്രണ്ടിന്റെ എത്ര തസ്തികകൾ ഉണ്ടെന്നറിയിക്കുമോ;

(ബി) ഇതിൽ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന് അറിയിക്കുമോ;

(സി) ഒഴിവുണ്ടാകുന്ന തസ്തികകളിൽ പ്രമോഷൻ നടത്താതിരിക്കാനുള്ള കാരണം ഡി.പി.സി. കൂടാനുള്ള കാലതാമസമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതൊഴിവാക്കാനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഇ) നിലവിലുള്ള തസ്തികകൾ നികത്തുന്നതിനായി താൽക്കാലിക പ്രമോഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് രണ്ട്—152 തസ്തികകൾ

നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് ഒന്ന്—132 തസ്തികകൾ

(ബി) നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് ഒന്നിന്റെ 110 തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ്-2 തസ്തികയിൽ പ്രൊബേഷൻ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് ഡിപ്പാർട്ട്മെന്റൽ പ്രമോഷൻ കമ്മറ്റി കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കുകയും നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ്-1 തസ്തികയിലേക്ക് പ്രമോഷൻ നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ഇ) 19305/റൂൾസ്1/98/ഉഭപമ തീയതി 12-6-1998 സർക്കുലർ പ്രകാരം താൽക്കാലിക പ്രമോഷനുകൾക്ക് നിരോധനം നിലവിലുണ്ട്. എന്നിരുന്നാലും റിട്ടയർ ചെയ്യുന്നതിന് ആറുമാസത്തിനുള്ളിൽ മാത്രം കാലാവധിയുള്ള അർഹരായവർക്ക് 5328/റൂൾസ്1/99/ഉഭപമ തീയതി 3-6-1999 പ്രകാരം താൽക്കാലിക പ്രമോഷനുകൾ നൽകി വരുന്നുണ്ട്.